KERALA STATE COMMISSION FOR PROTECTION OF CHILD RIGHTS

Vanross Junction, Kerala University P.O., Thiruvananthapuram – 695034

Phone : 0471 – 2326603 E-mail : childrights.cpcr@kerala.gov.in

facebook.com/KeSCPCRKerala twitter.com/KeSCPCR_Kerala


No.626/01-C/C1/2019/KeSCPCR Date:10.10.2023

From

The Registrar

To

The Government Secretary,
Information & Public Relations Department,
Government Secretariat,
Thiruvananthapuram – 1.

Sir,

Sub:- KeSCPCR - Child Rights – Complaint filed by Sri. Santhosh Thottingal - Copy of the order forwarding – reg:-

Attention is invited to the subject cited. The Copy of Order in **CRMP No. 626/01-C/C1/2019/KeSCPCR** dated **26.09.2023** is forwarded herewith for information.

Yours faithfully,

11/10/23

**Mini Bhaskar S.**
Registrar

Copy to:-

Sri. Santhosh Thottingal
santhosh.thottingal@gmail.com

K/09/10/23

# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ
# തിരുവനന്തപുരം

**ഹാജർ: ശ്രീ. കെ.വി. മനോജ്കുമാർ (ചെയർപേഴ്സൺ)**

തീയതി: 26.09.2023

## സി.ആർ.എം.പി. നമ്പർ: 626/01-C/C1/2019/KeSCPCR

| | | |
|---|---|---|
| ഹർജികക്ഷി | : | സന്തോഷ് തോട്ടിങ്ങൽ<br>santhosh.thottingal@gmail.com |
| എതിർകക്ഷി | : | ഗവൺമെന്റ് സെക്രട്ടറി,<br>ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്<br>ഗവൺമെന്റ് സെക്രട്ടേറിയറ്റ്,<br>തിരുവനന്തപുരം -1 |

**ഉത്തരവ്**

1) ടെലിവിഷൻ ചാനലുകളിൽ സംപ്രേക്ഷണം ചെയ്യുന്ന പരിപാടികളിലെ ഉള്ളടക്കം കുട്ടികൾക്കനുയോജ്യമല്ലാത്തതാണെന്നും അവയ്ക്കു ഏർപ്പെടുത്തേണ്ട നിയന്ത്രണങ്ങളും നിർദ്ദേശങ്ങളുമാണ് ഹർജികക്ഷി സമർപ്പിച്ചത്.

2) കമ്മീഷൻ ഹർജി സ്വീകരിച്ച് ആയതിൻമേലുള്ള അഭിപ്രായത്തിനായി എതിർകക്ഷിക്ക് അയച്ചുനൽകിയതിൽ ടെലിവിഷൻ ചാനലുകളിലെ പരിപാടികളെക്കുറിച്ചും കണ്ടന്റ് റേറ്റിംഗിന്റെ കാര്യത്തിലും കേന്ദ്ര വാർത്താ പ്രക്ഷേപണ മന്ത്രാലയമാണ് അധികാരസ്ഥാനമെന്നും പ്രസ്തുത വിഷയത്തിൻമേൽ കേന്ദ്രസർക്കാരിന് മാത്രമേ തുടർനടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ എന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3) സ്വന്തം വീടിനകത്ത് കുടുംബത്തോടൊപ്പമിരുന്ന് കാണേണ്ടതരത്തിൽ സംപ്രേക്ഷണം ചെയ്തുവരുന്ന ഭൂരിഭാഗം സീരിയലുകളും കുടുംബാംഗങ്ങൾ തമ്മിലുള്ള വെറുപ്പും വിദ്വേഷവും പകയും മാത്രം ഉൾക്കൊള്ളുന്നതരത്തിലാണ് തിരക്കഥകളുണ്ടാവുന്നത്. ഇത്തരം സീരിയലുകളുടെ ഭൂരിഭാഗം സന്ദർഭങ്ങളിലും തിന്മയുടെ ആധിപത്യവും അവരുടെ കുതന്ത്രങ്ങളും വിജയംവരിക്കുന്ന രീതിയിൽ സംപ്രേക്ഷണം ചെയ്തുവരുന്നത് അതാണ് ശരി എന്ന

നിഗമനത്തിലേക്ക് കുട്ടികൾ എത്തിച്ചേരാൻ സാധ്യത ഏറെയാണ്. മാത്രമല്ല മുതിർന്നവരിൽ ഉണ്ടായിവന്നിട്ടുള്ള സ്ക്രീൻ അഡിക്ഷൻ വളരെ ചെറുപ്രായത്തിൽ തന്നെ കുട്ടികളിലേക്കും ബാധിക്കാനിടയുണ്ട് എന്നാണ് കമ്മീഷന്റെ നിഗമനം. അതിഭാവുകത്വം കലർന്ന രംഗങ്ങളും സാമൂഹ്യസാഹചര്യവുമായി ചേർന്നുപോകാത്ത വസ്ത്രധാരണ രീതിയും സാമൂഹ്യബോധമോ നന്മയോ ജനമനസുകളിലേക്ക് എത്തിക്കാൻ കഴിയാത്ത ഇത്തരം സീരിയലുകൾ ഇതേപോലെ തുടർന്നു സംപ്രേക്ഷണം ചെയ്യേണ്ടതുണ്ടോ എന്ന് വിലയിരുത്തേണ്ട സാഹചര്യം ഉടലെടുത്തിട്ടുണ്ട് എന്നാണ് കമ്മീഷൻ കരുതുന്നത്. അതുകൊണ്ടുതന്നെ ഈ മേഖലയിൽ ഗൗരവതരമായ ഒരു പരിശോധന നടത്തേണ്ടതുണ്ട്.

4) **ടെലിവിഷൻ ചാനലുകളിൽ സംപേക്ഷണം ചെയ്യുന്ന സീരിയലുകളിലെ കഥ, തിരക്കഥ, സംഭാഷണം എന്നിവ കൂടുതൽ മെച്ചപ്പെട്ടതലത്തിലേക്ക് ഉയർത്താനും സാമൂഹ്യയാഥാർത്ഥ്യങ്ങളുമായി യോജിച്ചുപോകുന്ന വിധം മാറ്റങ്ങൾ ഉൾക്കൊള്ളിച്ചുള്ളവയാക്കി മാറ്റുന്നതിന് ആവശ്യമായ നിയമ നിർമ്മാണം നടത്താൻ കേന്ദ്ര-വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തെ സമീപിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ എതിർകക്ഷിയെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.**

(ഒപ്പ്)
കെ. വി. മനോജ്കുമാർ
(ചെയർപേഴ്സൺ)

ഉത്തരവിൻ പ്രകാരം

11/10/23

മിനി ഭാസ്കർ എസ്.
രജിസ്ട്രാർ

K/23/09/23